II ഇ.ബി. XIII- കേരള നിയമസഭ/IX-12

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2013 ജൂലൈ 09, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

35 (*601) ഊര് വികസന പദ്ധതി

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) നൽകിയ മറുപടിയിൽ, പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി ഊരുവികസന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും തെരഞ്ഞെടുക്കപ്പെടുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഒരു കോടി രൂപ ചെലവിൽ കുടിവെള്ളം, നടപ്പാത, വൈദ്യുതി, അംഗനവാടിക്ക് കെട്ടിടം, ലിങ്ക് റോഡ്, വീട് റിപ്പയർ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്നും സഭയെ അറിയിച്ചു. അവികസിതമായതും ഏറ്റവും കൂടുതൽ പട്ടികവർഗ്ഗക്കാർ അധിവസിക്കുന്നതുമായ 20 പട്ടികവർഗ്ഗ സങ്കേതങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ഓരോ പട്ടികവർഗ്ഗ സങ്കേതത്തിലും ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി 20

കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യമായി നടപ്പാക്കുന്ന ഈ പദ്ധതി ഘട്ടംഘട്ടമായി മറ്റ് പട്ടികവർഗ്ഗ കോളനി കളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതാണ്. പദ്ധതി നടപ്പാക്കുന്ന കോളനിക ളിലെ അടിസ്ഥാന സൗകര്യങ്ങൾക്ക് മുൻഗണന നൽകിയതിനുശേഷം അവി ടത്തെ സാമ്പത്തിക പുരോഗതി ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളെക്കു റിച്ചുകൂടി ആലോചിക്കുന്നതാണ്. ഊരുകൂട്ടങ്ങളെ ഉപയോഗപ്പെടുത്തി ആദി വാസി വിഭാഗങ്ങളുടെ സാംസ്കാരികമായ പ്രത്യേകതകൾ പരിരക്ഷി ക്കുകയും അവരുടെ അഭിപ്രായത്തിനനുസരിച്ച് പദ്ധതികൾ തയ്യാറാക്കുകയും ചെയ്യുന്നതാണ്. ആദിവാസികളുടെ ഭവനനിർമ്മാണ പ്രശ്നങ്ങൾ പരിഹരിക്കു ന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നതാണ്. ഇടമലക്കുടി പഞ്ചായത്തിൽ ഈ വർഷം 10.50 കോടി രൂപയുടെ ഒരു പദ്ധതി നടപ്പാക്കുന്നതിന്റെ ആദ്യഘട്ട മായി 4.33 കോടി രൂപ വനംവകുപ്പിന് കൈമാറിയിട്ടുണ്ടെന്നും വയനാട് ജില്ല യിലെ ആദിവാസി കോളനികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

36 (*602) <u>കേസന്വേഷണങ്ങളുടെ ഗുണനിലവാരവും സത്യസന്ധതയും ഉയർത്താൻ നടപടി</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, കേസന്വേഷണങ്ങളുടെ ഗുണനില വാരവും സത്യസന്ധതയും ഉയർത്താൻ പോലീസിൽ സ്പെഷ്യലൈസേഷൻ നടപ്പാക്കണമെന്ന നിർദ്ദേശം പരിഗണിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേരള പോലീസ് ആക്റ്റ് 20-ാം വകുപ്പിനനുസൃതമായി പോലീസ് മാന്വൽ

പരിഷ്കരിക്കുന്നതിന് ജയിൽ ഡി.ജി.പി. ഡോ. അലക്സാണ്ടർ ജേക്കബ് ചെയർമാനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. കേരളാ പോലീസ് ആക്റ്റ് 101, 102, 103 വകുപ്പുകൾ പ്രകാരം കെ.പി.ഡി.ഐ.പി. റൂൾസിൽ മാറ്റം വരുത്തുന്നതിനും 88(2)-ാം വകുപ്പുപ്രകാരം പോലീസ് ഉദ്യോഗസ്ഥരുടെ പരിശീലന കാലം ഡ്യൂട്ടിയായി പരിഗണിക്കുന്നതിനനുസരിച്ച് ചട്ടങ്ങളിൽ ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. കേരളാ പോലീസ് ആക്റ്റ് 72, 127 വകുപ്പുകൾ പ്രകാരം ട്രാഫിക് ക്രമീകരണ സമിതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചും ക്രിമിനൽ ജസ്റ്റിസ് മിസ്‌ലേനിയസ് ഫണ്ടുമായി ബന്ധപ്പെട്ടും ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേസ് അന്വേഷണങ്ങളിൽ ബാഹ്യശക്തികളുടെ ഇടപെടലുകൾ ഒഴിവാക്കി നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ശാസ്ത്രീയമായ അന്വേഷണമാണ് പോലീസ് നടത്തിവരുന്നത്. സംസ്ഥാനത്തെ മൂന്ന് പോലീസ് ജില്ലകളിലെ 57 പോലീസ് സ്റ്റേഷനുകളിൽ ഇൻവസ്റ്റിഗേഷനും ലാ ആന്റ് ഓർഡറും സെപ്പറേറ്റ് ചെയ്യുകയും ബാക്കി സ്റ്റേഷനുകളിൽ കൂടി അവ നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയുമാണ്. സെൻട്രൽ ഇൻവസ്റ്റിഗേഷൻ ബ്യൂറോയുടെ മാതൃകയിൽ സ്റ്റേറ്റ് ഇൻവസ്റ്റിഗേഷൻ ബ്യൂറോ രൂപീകരിക്കണമെന്ന പ്രൊപ്പോസൽ ഗൗരവപൂർവ്വം പരിഗണിച്ചുവരുന്നു. വടക്കാഞ്ചേരി സർക്കിൾ ഇൻസ്പെക്ടറുമായി ബന്ധപ്പെട്ട ആരോപണം അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിന് ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം നൽകുന്നതാണെന്നും കാപ്പാ നിയമത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

37 (*603) <u>വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് നടപടി</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, വനാവരണവും വൃക്ഷാവരണവും പോഷിപ്പിക്കാൻ പല പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ടെന്നും ദേശീയ വനനയമനുസരിച്ച് ഭൂവിസ്തൃതിയുടെ മൂന്നിലൊന്നെങ്കിലും വനമായോ വൃക്ഷാവരണമായോ നിലനിർത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും സഭയെ അറിയിച്ചു. സ്വാഭാവിക വനത്തിന്റെ ശരാശരി വിസ്തൃതി നിർണ്ണയിക്കപ്പെടുകയോ സ്വാഭാവിക വനത്തിനും, പ്ലാന്റേഷൻ മേഖലയ്ക്കും വിസ്തൃതിയുടെ കാര്യത്തിൽ അനുപാതം നിശ്ചയിക്കുകയോ ചെയ്തിട്ടില്ല. സ്വാഭാവിക വനം പ്ലാന്റേഷനായി പരിവർത്തനം ചെയ്തിരുന്ന സമ്പ്രദായം നിലവിലില്ല. സംസ്ഥാനത്ത് ഗ്രാമീണ മേഖലകളിലും പുറമ്പോക്ക് തരിശുകളിലും മറ്റും വൃക്ഷാവരണം നിലനിർത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി ഹരിതകേരളം, ഗ്രീൻ ഇൻഡ്യാ മിഷൻ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. കണ്ടൽകാടുകളും കാവുകളും സംരക്ഷിക്കുന്നതിനും സ്വകാര്യഭൂമികളിൽ വൃക്ഷവൽക്കരണം നടപ്പിലാക്കുന്നതിനും പ്രോത്സാഹന ധനസഹായം നൽകിവരുന്നുണ്ട്. വനമേഖലയിലെ കയ്യേറ്റത്തിനും വനനശീകരണത്തിനുമെതിരെ കർശന നടപടി സ്വീകരിച്ചു വരികയാണ്. വനവിസ്തൃതിയുടെ കാര്യത്തിൽ കേരളം ദേശീയ ആവറേജിനെക്കാൾ മുമ്പിലാണ്. പീച്ചി കേന്ദ്രമായി പ്രവർത്തിക്കുന്ന ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. സോഷ്യൽ ഫോറസ്ട്രി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ 'എന്റെ മരം' പദ്ധതിയും

കോളേജുകളിൽ 'നമ്മുടെ വനം' പദ്ധതിയും നടപ്പാക്കുന്നുണ്ട്. കാട്ടുതീമൂലമുള്ള വനനശീകരണം തടയുന്നതിനായി കൂടുതൽ ഗാർഡുമാരെയും വാച്ചർമാരെയും നിയോഗിച്ചതിനുപുറമേ ആദിവാസി വിഭാഗങ്ങളിൽ നിന്നും 700 വാച്ചർമാരെ കൂടി നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. വികസനപ്രവർത്തനങ്ങൾക്കായി വനഭൂമി വിട്ടുകൊടുക്കുമ്പോൾ റവന്യൂവിൽ നിന്നും മറ്റും ഭൂമി അക്വയർ ചെയ്ത് വനഭൂമിയാക്കി മാറ്റണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ശബരിമലയുടെ വികസനത്തിനായി 13 ഹെക്ടർ ഭൂമി വിട്ടുതന്നിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇ.എഫ്.എൽ. അനുസരിച്ച് ഭൂമി ഏറ്റെടുത്തിട്ടില്ല. കണ്ടൽകാടുകൾ സംരക്ഷിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകും. പാരിസ്ഥിതിക ദുർബലപ്രദേശങ്ങൾ ഏറ്റെടുത്ത് കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. നെല്ലിയാമ്പതിയിലെ പാട്ടഭൂമി ഉപയോഗപ്പെടുത്തി ബാങ്കുകളിൽ നിന്നും വായ്പയെടുത്തത് സംബന്ധിച്ച പരാതി സി.ബി.ഐ. അന്വേഷണത്തിന് വിടാൻ തീരുമാനിച്ചിട്ടുണ്ടെന്നും വയനാട്ടിൽ നിയമവിരുദ്ധമായ രീതിയിലുള്ള വനഭൂമി കയ്യേറ്റം ശ്രദ്ധയിൽപ്പെടുത്തിയാൽ ഫലപ്രദമായ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 6035 മുതൽ 6258 വരെയുള്ള ചോദ്യങ്ങളിൽ 99 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)